# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *252 18.08.2017 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതി

*ചോദ്യം*

ശ്രീ. കെ. എസ്. ശബരീനാഥൻ
,, റോജി എം. ജോൺ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ 'ഇന്റർ നാഷണൽ സെന്റർ ഒഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് ' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29.04.2017 ലെ സ.ഉ. (സാധാ) 807/2017/ഉ.വി.വ. പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മറ്റ് സർവ്വകലാശാലകളെ 'ഇന്റർ നാഷണൽ സെന്റർ ഒഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് ' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് സർവ്വകലാശാലകൾക്ക് നൽകാനുദ്ദേശിക്കുന്നത്; | (ബി) | സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പദ്ധതികൾക്കാണ് നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ളത് . മറ്റ് സർവ്വകലാശാലകളിൽ നിന്ന് കൂടി വിശദമായ പദ്ധതി രേഖ ലഭിച്ചതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (സി) | ഏതൊക്കെ സർവ്വകലാശാലകളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളെയും മികവിന്റെ കേന്ദ്രങ്ങളാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**